**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 140** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾ അനുസരിച്ച് കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 20.03.2020 ലെ സ.ഉ.(കൈ)55/2020/തസ്വഭവ പ്രകാരവും 04.05.2020ലെ സ.ഉ. (കൈ) 86/2020/തസ്വഭവ പ്രകാരവും സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ പ്രാദേശിക തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ് തല സമിതികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപന സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കുറഞ്ഞത് 4 ജീവനക്കാരെ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു വാർ റൂം സംഘടിപ്പിക്കുകയും ഈ വാർ റൂം വിവിധ കോവിഡ് 19 പ്രവർത്തനങ്ങൾ വിലയിരുത്തി വരുകയും ചെയ്യുന്നു. വാർഡ്തല സമിതികളുടെ റിപ്പോർട്ടുകൾ ഏകോപിപ്പിക്കുക, കോവിഡ് ജാഗ്രതാ പോർട്ടൽ അപ്ഡേറ്റ് ചെയ്യുക, വൈറസ് ബാധ സംശയിക്കുന്നവരെ ടെസ്റ്റ് ചെയ്യുക. മുൻഗണന അനുസരിച്ച് വാക്സിനേഷന് നേതൃത്വം നൽകുക. ഡി.സി.സി/ സി.എഫ്.എൽ.ടി.സി/സി.എസ്.എൽ.ടി.സി എന്നിവകളുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുക എന്നിവയെല്ലാം കോവിഡ് 19 വാർ റൂമിന്റെ ചുമതലയാണ്. കൂടാതെ, കോവിഡ് രോഗികളുടെ ആശുപത്രിയിലേയ്ക്കുള്ള യാത്ര സൗകര്യവും ആംബുലൻസ് സൗകര്യവും |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ളവ ഉറപ്പാക്കുന്നതിന് ഒരു ഗതാഗത പദ്ധതിക്ക് മാർഗരേഖ തയ്യാറാക്കി നൽകുകയും CFLTC, CSLTC, PHC തുടങ്ങിയവയിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനു നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൾസ് ഓക്സി മീറ്ററുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും 24x7 പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും കോവിഡ് സംബന്ധിച്ച സംശയദൂരീകരണം ഉൾപ്പെടെ ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെൽപ്പ് ഡെസ്കിൽ 24 മണിക്കൂറും ഡോക്ടർ/നഴ്സ് എന്നിവരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനത്തിൽ ഏകോപിപ്പിക്കുന്നതിനു ഒരു ആർ.ആർ.ടി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ആർ.ആർ.ടി അംഗങ്ങളിൽ ആശാ വർക്കർ, കുടുംബശ്രീ പ്രവർത്തകർ, ജനമൈത്രി പോലീസ്, നഗരസഭയിൽ ലഭ്യമായ സർക്കാർ ജീവനക്കാർ, മറ്റ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ സേന പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, എൻ.എസ്.എസ്., എൻ.സി.സി. പ്രതിനിധികൾ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വാർഡിലെയും 20-60 വീടുകളെ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിച്ചും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്. |
| (ബി) | കോവിഡ് പ്രതിസന്ധികളുടെ കാലഘട്ടത്തിലടക്കം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പൊതുജനങ്ങൾക്കായി പ്രത്യേക ഉപജീവന- സുരക്ഷാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | പൊതുജനങ്ങളുടെ പൊതുവായ ക്ഷേമം ലക്ഷ്യമിട്ടും, ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ബജറ്റ് ഹോട്ടലായ ജനകീയ ഹോട്ടലുകൾ ആരംഭിക്കുകയുണ്ടായി. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും കിടപ്പ് രോഗികൾ, ഐസൊലേഷനിലുള്ളവർ, ക്വാറന്റീൻ സെന്ററുകൾ, സി.എഫ്.എൽ.ടി.സി.കൾ തുടങ്ങിയവയിലുള്ളവർക്ക് ഭക്ഷണം ഉറപ്പാക്കുന്നതിന് സമൂഹ അടുക്കളകളും തദ്ദേശ സ്ഥാപന തലത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി, എംജിഎൻആർ ഇ ജി എസ് തുടങ്ങിയ പദ്ധതികളിലൂടെയും നഗര, ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് തൊഴിൽ നൽകിവരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന ഒരു അയൽക്കൂട്ടത്തിനു പരമാവധി 10 ലക്ഷം രൂപ വരെ പലിശ സബ്സിഡിയോടെ വായ്പ നൽകുന്ന പദ്ധതിയും സൂക്ഷ്മ സംരംഭക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നൈപുണ്യ |

| | | | |
|---|---|---|---|
| | | | പരിശീലനമുൾപ്പെടെ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടുന്ന എല്ലാ സഹായവും നൽകുന്ന ഒരു പദ്ധതിയും കുടുംബശ്രീ നടപ്പാക്കിയിട്ടുണ്ട്. |
| (സി) | ക്വാറന്റൈൻ കേന്ദ്രങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | ക്വാറന്റീൻ കേന്ദ്രങ്ങൾ, ഡി.സി.സി.കൾ തുടങ്ങിയവ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾ, സാധന സാമഗ്രികൾ വാങ്ങൽ, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, താത്കാലികമായി നിയോഗിക്കുന്നവർക്ക് വേതനം നൽകൽ, കുടിവെള്ളം, ഭക്ഷണം മുതലായവ ലഭ്യമാക്കൽ, ശുചീകരണ സാധനങ്ങൾ വാങ്ങൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയും തനത് ഫണ്ട് ഉപയോഗിച്ചും വഹിച്ചുവരുന്നുണ്ട്. കൂടാതെ ക്വാറന്റീൻ സെന്ററുകളിൽ ഭക്ഷണ ലഭ്യത, ബയോ വേസ്റ്റ് ഉൾപ്പെടെ മാലിന്യനിർമാർജനം, ഇലക്ട്രിസിറ്റി, വെള്ളം, ഇന്റർനെറ്റ് സൗകര്യം, വൃത്തിയുള്ള ശുചിമുറികൾ, ആംബുലൻസ് സേവനം, വോളന്റിയർമാരുടെ സേവനം എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ